**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2800** | **06.02.2018-ൽ മറുപടിക്ക്**

**'ആവാസ്" പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി ആവിഷ്ക്കരിച്ച ആവാസ് പദ്ധതി ഫലപ്രദമായി നടന്നുവരുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയിൽ ഇതുവരെ എത്ര പേർക്ക് ഇൻഷ്വറൻസ് നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) നാളിതുവരെ 103094 തൊഴിലാളികളുടെ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനത്തെക്കുറിച്ച് വ്യക്തമാക്കാമോ? | (സി) ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് "ആവാസ്" പദ്ധതിയുടെ പരിധിയിൽ വരുന്നത്. പദ്ധതിയിൽ അംഗമാകുന്ന തൊഴിലാളികൾക്ക് ഓരോരുത്തർക്കും 15,000/- രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രിയിൽ നിന്നും എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രിയിൽ നിന്നും ലഭ്യമാക്കുന്നതാണ്. ആരോഗ്യ ഇൻഷ്വറൻസിനോടൊപ്പം അംഗങ്ങൾക്ക് 2 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷ കൂടി ഉറപ്പ് വരുത്തുന്നുണ്ട്. വിവിധോദ്ദേശ്യ ഏകീകൃത ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡാണ് നൽകുന്നത്. ചിപ്പ് അധിഷ്ഠിതമായ തിരിച്ചറിയൽ കാർഡിൽ സവിശേഷ തിരിച്ചറിയൽ നമ്പർ, ക്യൂ ആർ കോഡ് എന്നിവ ഉണ്ടായിരിക്കും. ആവാസ് പദ്ധതി പ്രകാരം ചികിത്സാ പാക്കേജും ചികിത്സയുമായി ബന്ധപ്പെട്ട മറ്റുകാര്യങ്ങളും നിശ്ചയിക്കുന്നതിന് ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചു കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ പ്രചാരണ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. ഇൻഷ്വറൻസ് നടത്തിപ്പിന്റെ ചുമതല ചിയാക്കിന് |

നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് മെമ്പർമാരുടെയും പൊതുപ്രവർത്തകരുടെയും വ്യാപാരി വ്യവസായി സംഘടനകളുടെയും സഹായത്തോടു കൂടി ഇതരസംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന/ തൊഴിലെടുക്കുന്ന മേഖലകൾ സന്ദർശിച്ച് എൻറോൾമെന്റ് ഫോമുകൾ വിതരണം ചെയ്ത് അവരുടെ വ്യക്തി വിവരങ്ങൾ ശേഖരിച്ച് സർക്കാർ നൽകിയ തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിൽ ജില്ലകളിൽ നടത്തുന്ന എൻറോൾമെന്റ് ക്യാമ്പുകളിൽ രജിസ്ട്രേഷൻ നൽകി തിരിച്ചറിയൽ കാർഡുകൾ നൽകുന്നു. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും എൻറോൾമെന്റ് ക്യാമ്പുകൾ നടന്നുവരുന്നു. പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് ഇതരസംസ്ഥാന തൊഴിലാളികൾക്ക് മനസ്സിലാകുന്ന ഭാഷയിൽ ഫ്ലക്സ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി ബസ്സുകളിൽ പരസ്യ സ്റ്റിക്കറുകൾ പതിപ്പിച്ചിട്ടുണ്ട്. കൂടാതെ റെയിൽവേ സ്റ്റേഷനുകളിൽ അനൗൺസ്മെന്റിനോടൊപ്പം പരസ്യം നൽകിയിട്ടുണ്ട്. എഫ്.എം.റേഡിയോയിൽ ഇതരസംസ്ഥാന തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമിട്ട് (ഹിന്ദി, ഒറിയ, ബംഗാളി ഭാഷകളിൽ) പരസ്യം നൽകി വരുന്നു.

സെക്ഷൻ ഓഫീസർ.